# Siraj
# 25 July 2018
# Muvattupuzha, Flood, Evacuation

## മൂവാറ്റുപുഴ നഗരം വെള്ളത്തിൽ

**മൂവാറ്റുപുഴ:** നഗരത്തിലെ ജനവാസ കേന്ദ്രങ്ങളിലടക്കം വീണ്ടും വെള്ളം കയറി. രണ്ടു ദിവസമായി നിറുത്താതെ പെയ്ത കനത്ത മഴയ്ക്കു പുറമെ ചൊവ്വാഴ്ച ഉച്ചയോടെ മലങ്കര ഡാം തുറന്നതു മാണ് പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ കാരണമായത്. രാത്രിയോടെ സ്റ്റേഡിയം പരിസരത്തെ കാളചന്തയിലും, ഇലാഹിയ കോളനിയിലുമാണ് ആദ്യം വെള്ളമെത്തിയത്. കടവും പാട് മേഖലയിലും വീടുകളിൽ വെള്ളം കയറി. തുടർന്ന് നഗരത്തിലെയും പരിസരങ്ങളിലെയും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുകയായിരുന്നു.

കൊച്ചങ്ങാടിയിലെ ആറു വീടുകളിലും വെള്ളം കയറി. ബുധനാഴ്ച പുലർച്ചെവരെ ഇത് തുടർന്നു. ഉച്ചയോടെ വെള്ളം ഇറങ്ങി തുടങ്ങിയെങ്കിലും ഇലാഹിയാ കോളനിയിൽ നിന്നും, സ്റ്റേഡിയം പരിസരത്തെ വീടുകളിൽ നിന്നും വെള്ളം ഇറങ്ങിയിട്ടില്ല. ശക്തമായ മഴയെ തുടർന്ന് എം സി റോഡിലുൾപ്പെടെ പല സ്ഥലങ്ങളിലും വെള്ളക്കെട്ടുയർന്നതും ഗതാഗത തടസം സൃഷ്ടിച്ചു.

## തങ്കളം ജവഹർ കോളനിയിൽ വീണ്ടും വെള്ളം കയറി: ആളുകളെ മാറ്റിപാർപ്പിച്ചു

**കോതമംഗലം:** തങ്കളം ജവഹർ കോളനിയിൽ വീണ്ടും വെള്ളം കയറി. ജവർ കോളനി നിവാസികളെ ടൗൺ യു പി സ്കൂൾ ക്യാമ്പിലേക്ക് മാറ്റി. വെള്ളപ്പൊക്കത്തെ തുടർന്ന് ഒരാഴ്ചയോളം ദുരിതാശ്വാസ കേന്ദ്രത്തിലായിരുന്ന ജവഹർ കോളനിക്കാർ കഴിഞ്ഞ ദിവസമാണ് തിരികെ വീടുകളിലേക്ക് മടങ്ങിയത്. കനത്ത മഴയെ തുടർന്ന് വീണ്ടും വെള്ളപ്പൊക്കമുണ്ടായതാണ് വീണ്ടും ദുരിതാശ്വാസ ക്യാമ്പിൽ എത്തുവാൻ കാരണം. ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി പാർപ്പിച്ചിരിക്കുന്നവരെ കാണുവാൻ കോതമംഗലം എം എ കോളജ് സോഷ്യോജി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വിദ്യാർഥികൾ എത്തി.

ക്യാമ്പിൽ കഴിയുന്ന കുടുബങ്ങൾക്ക് ആശ്വാസം പകർന്ന് ക്യാമ്പിലെ കുട്ടികളോടൊപ്പം പാട്ടും ഡാൻസുമായി ഒരു മണിക്കൂറോളം ചിലവഴിച്ചതിന് ശേഷമാണ് വിദ്യാർഥികൾ മടങ്ങിയത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ റവന്യു അധികൃതർ ഒരുക്കിയിട്ടുണ്ട്. 35 വീട്ടുകാരാണ് കനത്ത മഴയെ തുടർന്ന് ടൗൺ യു പി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നത്.

## നെട്ടൂരിൽ ശക്തമായ കാറ്റിലും മഴയിലും വീടിന്റെ ഒരുഭാഗം തകർന്നു

**മരട്:** നെട്ടൂരിൽ പടിഞ്ഞാറ് ഭാഗത്ത് ശക്തിയായ കാറ്റിലും മഴയിലും വീടിന്റെ ഒരുഭാഗം തകർന്നു. ഇന്നലെ ഉച്ചക്ക് 12 ഓടേയാണ് സംഭവം. നെട്ടൂർ അരയന്തറ പറമ്പിൽ താമസിക്കുന്ന അഴിക്കകെത്ത് കുഞ്ഞുമുഹമ്മദിന്റെ വീടിന്റെ അടുക്കളയുടെ ഭാഗമാണ് ഇടിഞ്ഞ് തകർന്ന് വീണത്. ഈ സമയം അടുക്കളയിൽ ആരും ഇല്ലാതിരുന്നതിനാൽ വൻ ദുരന്തം ഒഴിവായി. വിവരമറിയച്ചതിനെ തുടർന്ന് മരട് വില്ലേജ് ഓഫിസർ സ്ഥലത്തെത്തി പരിശോധന നടത്തി. തകർന്ന വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിന് ദുരിതാശ്വാസ ഫണ്ടിൽപെടുത്തുമെന്ന് വില്ലേജ് ഓഫിസർ പറഞ്ഞു. താൽകാലികമായി കാലിതൊഴുത്തിലേക്ക് മാറി. വീടിന്റെ പുറക് വശത്ത് കായലാണ്.



നെട്ടൂരിൽ തകർന്ന് വീണ അഴിക്കകെത്ത് കുഞ്ഞുമുഹമ്മദിന്റെ വീട്